"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ശ്രീ. അനീഷ്. കെ.എം എന്ന കർഷകന് വിള ഇൻഷ്വറൻസ് നഷ്ടപരിഹാര ഇനത്തിൽ അനുവദനീയമായ തുക കൃഷി ഡയറക്ടറുടെ സർവീസ് സഹകരണ ബാങ്കിലുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.183/2024/AGRI തീയതി,തിരുവനന്തപുരം, 23-02-2024

---

പരാമർശം:-

1. 22.03.2017 തീയതിയിലെ സ.ഉ (എം.എസ്) നം.37/2017/കൃഷി ഉത്തരവ്.
2. ശ്രീ.അനീഷ് കെ.എം, കൊങ്ങമല ഹൗസ്, കക്കാടം പൊയ്കയിൽ, മലപ്പുറം 14.09.2021ൽ സമർപ്പിച്ച നിവേദനം
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 24.02.2022, 06.11.2023,31.01.2024 തീയതികളിലെ ADFW/7503/2023-TR2 നമ്പർ കത്തുകൾ.

**ഉത്തരവ്**

ശ്രീ. അനീഷ്. കെ.എം, കൊങ്ങമല ഹൗസ്, കക്കാടം പൊയ്കയിൽ, മലപ്പുറം എന്ന കർഷകന്റെ ഇൻഷ്വർ ചെയ്ത 6088 കുലച്ച വാഴകൾ 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വരൾച്ച മൂലം നശിച്ചുപോവുകയും അതിന്റെ നഷ്ടപരിഹാര തുകയായ Rs. 18,26,400/- (പതിനെട്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാന്നൂറ് രൂപ മാത്രം) (വാഴ ഒന്നിന് 300/- രൂപ നിരക്കിൽ) ശുപാർശ ചെയ്തുകൊണ്ട് മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശുപാർശ സമർപ്പിച്ചിരുന്നുവെന്നും, തുടർന്ന് 27.09.2019 -ൽ കൂടിയ സംസ്ഥാന വിളൻഷ്വറൻസുമായി ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി യോഗം ആയത് പരിഗണിക്കുകയും 15 ലക്ഷം രൂപ ശ്രീ. അനീഷ്. കെ.എം - ന് അനുവദിക്കുകയും ആയത് വിതരണം നടത്തുകയും ചെയ്തിട്ടുള്ളതാണെന്നും, നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് നടപ്പിലാക്കുന്ന പരാമർശം (1) ഉത്തരവ് പ്രകാരം വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡത്തിൽ, വിസ്തൃതി വ്യക്തമായി നിർവചിച്ചിട്ടില്ല എന്നും, കൃഷി വകുപ്പിന്റെ എല്ലാ ആനുകൂല്യങ്ങളും ചെറുകിട നാമമാത്ര കർഷകർക്ക് (2 ഹെക്ടർ വരെ ഭൂമി കൈവശമുള്ള കർഷകർ) മാത്രമാണ് നൽകുന്നത് എന്നും, അതിനാൽ ശ്രീ. അനീഷ്. കെ.എം -ന്റെ ക്ലെയിം പരിശോധിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി യോഗം, 2 ഹെക്ടർ സ്ഥലത്തെ നഷ്ടം പരിമിതപ്പെടുത്തി ടിയാന് നഷ്ടപരിഹാര തുക അനുവദിക്കുകയും, സർക്കാർ അനുമതിയോടു കൂടെ ബാക്കി തുക അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു എന്നും പരാമർശം (3) ലെ കത്തുകൾ പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2. മേൽ സാഹചര്യത്തിൽ, ശ്രീ അനീഷ്. കെ.എം എന്ന കർഷകന് വിള ഇൻഷ്വറൻസ് നഷ്ടപരിഹാര ഇനത്തിൽ നൽകുവാൻ ബാക്കിയുള്ള Rs.3,26,400/- (മൂന്ന് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാന്നൂറ് രൂപ മാത്രം), കൃഷി ഡയറക്ടറുടെ സർവീസ് സഹകരണ ബാങ്കിലുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. അനീഷ്. കെ.എം, കൊങ്ങമല ഹൗസ്, കക്കാടം പൊയ്കയിൽ, മലപ്പുറം എന്ന കർഷകന് വിള ഇൻഷ്വറൻസ് നഷ്ടപരിഹാര ഇനത്തിൽ അനുവദനീയമായി കൃഷി ഡയറക്ടർ കണ്ടെത്തിയ ബാക്കിയുള്ള Rs. 3,26,400/- (മൂന്ന് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാന്നൂറ് രൂപ മാത്രം) കൃഷി ഡയറക്ടറുടെ സർവീസ് സഹകരണ ബാങ്കിലുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
V L BEENA
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. അനീഷ്. കെ.എം, കൊങ്ങമല ഹൗസ്, കക്കാടം പൊയ്കയിൽ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി **(AGRI-AG3/186/2021-AGRI)**.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ